## 1. അദ്ധ്യയന വർഷാരംഭത്തിൽ നടത്തേണ്ട വിശ്വാസപരിശീലകരുടെ സത്യപ്രതിജ്ഞ

(ഞായറാഴ്ച കുർബാനമദ്ധ്യേ സുവിശേഷപ്രസംഗത്തിനുശേഷം കാറോസൂസാ പ്രാർത്ഥനയ്ക്കുമുമ്പായി ഈ ശുശ്രൂഷ നടത്തുന്നതായിരിക്കും അഭികാമ്യം. ഇടവക വികാരി വിശ്വാസപരിശീലകരെ ദേവാലയത്തിന്റെ മദ്ധ്യേ രണ്ടു നിരയായി നിർത്തുന്നു. തുടർന്ന് താഴെ കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് എല്ലാവർക്കും തിരികത്തിച്ചുകൊടുക്കുന്നു).

പുരോ: ലോകത്തിന്റെ പ്രകാശമായ മിശിഹാ നിങ്ങളുടെ ജീവിതത്തിൽ പ്രകാശവും ജീവനുമായിരിക്കട്ടെ. ആമ്മേൻ.
(എല്ലാവർക്കും തിരികത്തിച്ചു നല്കിയ ശേഷം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലുന്നു.)

പുരോ: സർവ്വശക്തനും പിതാവുമായ ദൈവമേ. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ മൗതികശരീരമായ തിരുസഭയിൽ ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കും വിശ്വാസപരിശീലനത്തിനും ദൈവരാജ്യത്തിന്റെ പ്രചാരണത്തിനുമായി അങ്ങു തെരഞ്ഞെടുത്തിരിക്കുന്ന ഈ ദാസരെ ഞങ്ങൾ ഇതാ അങ്ങേക്കു സമർപ്പിക്കുന്നു. അങ്ങയുടെ നാമത്തിനുയോജിച്ചവിധം സഭാസമൂഹത്തിന്റെ നന്മയ്ക്കും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുമായി ശുശ്രൂഷ ചെയ്യാൻ വേണ്ട കൃപാവരം അങ്ങയുടെ ഈ ദാസർക്കു നല്കണമെ. ഇടവകവികാരിയോടു സഹകരിച്ചു പ്രവർത്തിച്ചുകൊണ്ട് സഭാമക്കൾക്ക് വിശ്വാസപരിശീലനം നല്കി സഭാഗാത്രത്തെ പടുത്തുയർത്തുവാൻ ഇവരെ സഹായിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.
(തുടർന്ന് എല്ലാവരും ചേർന്ന് സത്യപ്രതിജ്ഞ ചെയ്യുന്നു).

### സത്യപ്രതിജ്ഞ

ഞാൻ.................... (പേര്) ഒരു വിശ്വസപരിശീലകൻ / വിശ്വാസപരിശീലക എന്ന നിലയിൽ / സർവ്വശക്തനും പിതാവുമായ / ഏക ദൈവത്തിൽ/ വിശ്വസിക്കുന്നു. അവിടുത്തെ ഏകജാതനായ / ഈശോമിശിഹായിലും / സഭയെ നയിക്കുകയും / നിയന്ത്രിക്കുകയും ചെയ്യുന്ന / പരിശുദ്ധാത്മാവിലും / ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ കത്തോലിക്കാസഭ / എന്റെ മാതാവും / ഗുരുനാഥയുമാണെന്ന് / വിശ്വസിച്ച് ഏററുപറയുകയും / സഭ പഠിപ്പിക്കുന്ന/ വിശ്വാസസത്യങ്ങൾ / സ്നേഹത്തോടെ /സ്വീകരിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭയിലെ / ഒരു വിശ്വാസപരിശീലകനെന്ന നിലയിൽ / എന്റെ ദൗത്യത്തിലും / നിയോഗത്തിലും / ഞാൻ അഭിമാനിക്കുന്നു. ഉത്തമ

കത്തോലിക്കനെന്ന നിലയിൽ/ ജീവിക്കാമെന്ന് / ദൈവനാമത്തിൽ /ഞാൻ പ്രതിജ്ഞ ചെയ്യുന്നു./ എന്റെ വിശ്വാസവും / പ്രവർത്തിയും തമ്മിൽ / പൊരുത്തക്കേടുണ്ടാക്കുന്ന ഒന്നിലും ഞാൻ ഇടപെടുകയില്ലെന്നും / സമൂഹമദ്ധ്യത്തിലും / വിശിഷ്യ / എന്റെ വിദ്യാർത്ഥികളുടെ മുമ്പിലും / ഒരു മാതൃകാ കത്തോലിക്കനായി/ ജീവിച്ചു കൊള്ളാമെന്നും / ഞാൻ ഉറപ്പു നല്കുന്നു. സർവ്വശക്തനായ ദൈവത്തിൽ / വിശ്വസിക്കുകയും / ആശ്രയിക്കുകയും ചെയ്തുകൊണ്ട് / ഈ ദൈവിക ശുശ്രൂഷ/ വിനയത്തോടെ ഞാനേറ്റെടുക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം / എന്നോടുകൂടെയുണ്ടായിരിക്കട്ടെ! ആമ്മേൻ.

## ആശീർവ്വാദ പ്രാർത്ഥന

പുരോ: കർത്താവേ, സർവ്വശക്തനായ ദൈവമേ, അങ്ങയുടെ സഭയിൽ ശുശ്രൂഷക രായി അങ്ങു തെരഞ്ഞെടുത്തിരിക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമെ. ഇവർ ഏറ്റെടുത്തിരിക്കുന്ന ഈ ഉത്തരവാദിത്വം വിശ്വസ്തതാപൂർവ്വം നിറവേറ്റൻ ഇവരെ അങ്ങു സഹായിക്കണമെ. അങ്ങയുടെ നാമത്തെപ്രതി ഇവർ ചെയ്യുന്ന ശുശ്രൂഷക ൾക്കു പ്രതിഫലമായി ആത്മീയവും ശാരീരികവുമായ എല്ലാ നന്മകളും നല്കി ഇവരെ അനുഗ്രഹിക്കണമെ. എല്ലാ സാഹചര്യങ്ങളിലും സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഇവരെ ശക്തരാക്കണമെ. ഞങ്ങളുടെ അമ്മയായ പരി. കന്യകാ മറിയത്തിന്റെയും സകല വിശുദ്ധരുടെയും പ്രത്യേകമായി ഈ ഇടവകയുടെ മദ്ധ്യസ്ഥ നായ/ മദ്ധ്യസ്ഥയായ വിശുദ്ധ.......... യുടെയും പ്രാർത്ഥനാസഹായം നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും, ആമ്മേൻ.
(അനന്തരം പുരോഹിതൻ വേദപാഠാദ്ധ്യാപകരുടെ മേൽ വിശുദ്ധ ജലം തളിക്കുന്നു).